പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 284 — 27.02.2017 ൽ മറുപടിക്ക്

## തുറവൂർ താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തുറവൂർ താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം ആരംഭിക്കുവാൻ എന്നാണ് ഉത്തരവ് ഇറക്കിയത് ; എന്ന് മുതലാണ് കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങിയത് ; | (എ) | 17.08.2016-ലെ സ.ഉ(എം.എസ്) നം.170/2016/ ആകുവ എന്ന ഉത്തരവ് പ്രകാരമാണ് കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിനായി 4 സി.എം.ഒ തസ്തിക സൃഷ്ടിച്ച് ഉത്തരവായത്. 12.01.2017-ന് ആണ് യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങിയത്. |
| (ബി) | അത്യാഹിത വിഭാഗത്തിലേക്ക് അനുവദിക്കേണ്ട അനുബന്ധ സ്റ്റാഫിനെ എന്നത്തേക്ക് അനുവദിച്ച് ഉത്തരവാകും ; പ്രസ്തുത ഉത്തരവ് വൈകുമെങ്കിൽ എൻ. ആർ. എച്ച്. എം. മുഖേന സ്റ്റാഫിനെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ജില്ലയിലെ ഒരു താലൂക്കാശുപത്രിയിൽ സമഗ്ര വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ തുറവൂർ താലൂക്കാശുപത്രി തിരഞ്ഞെടുത്ത് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രിയിൽ ട്രോമ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിച്ചിട്ടില്ല. |
| (ഡി) | ട്രോമ കെയർ സംവിധാനം അനുവദിക്കുന്നതിന് എൻ. എച്ച്. 47-ൽ സ്ഥിതി ചെയ്യുന്ന തുറവൂർ താലൂക്ക് ആശുപത്രിക്ക് പ്രഥമ പരിഗണന നൽകുമോ ? | (ഡി) | നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ